വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ, 80,737 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ എന്നീ സംവിധാനങ്ങളിലൂടെ പ്രതിദിനം ഏകദേശം 126.5 ടൺ മാലിന്യം കൈകാര്യം ചെയ്യുവാൻ കഴിയുമെന്നുമാണ് തിരുവനന്തപുരം നഗരസഭ അറിയിച്ചിരിക്കുന്നത്.

ഫ്ളാറ്റുകളിൽ ബയോബിന്നുകൾ 109 എണ്ണം സ്ഥാപിച്ചതിനും .5m^3, .75m^3, 1m^3 ശേഷിയുള്ള ഗാർഹിക മാലിന്യ സംസ്കരണ സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റ് 1323 എണ്ണം സ്ഥാപിച്ചതിനും 450 ഗ്രാം/ദിവസം ശേഷിയുള്ള പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ 80,737 എണ്ണം സ്ഥാപിച്ചതിനും സബ്സിഡി നൽകിയിട്ടുണ്ട്.

(ഇ) ഉദ്ദേശം 350 മുതൽ 400 ടൺ സംസ്കരണ ശേഷിയുള്ള പ്ലാന്റ് സ്ഥാപിച്ചാൽ നഗരം ഒരു പരിധിവരെ മാലിന്യ മുക്തമാകുമെന്നാണ് കണക്കാക്കുന്നത്.

എരുമേലി ടൗൺഷിപ്പ്

126 (4161) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയുടെ കവാടമായ എരുമേലി ടൗൺഷിപ്പ് ആക്കുന്ന നടപടി ഏതുഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലേക്കായി സർക്കാർ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) എരുമേലി ടൗൺഷിപ്പ് പ്രവർത്തനം ഉടനെ ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന കാര്യം വിവരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

നഗരങ്ങളുടെ മുഖച്ഛായ മാറ്റാൻ പദ്ധതി

127 (4162) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരങ്ങളുടെ മുഖച്ഛായ മാറ്റാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) നഗരങ്ങളുടെ മുഖച്ഛായ മാറ്റാൻ ഉതകുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുന്നോടിയായി അതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകുന്നതിനായി 'അർബൻ 2020' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരും മറ്റ് ഫണ്ടിംഗ് ഏജൻസികളും നൽകി വരുന്ന നഗര വികസന ഫണ്ടുകൾ നേടിയെടുക്കുന്നതിനും അതുപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനും ഉതകുന്ന വിശദവും യോഗ്യവുമായ ഡി.പി.ആറുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) കെ.എസ്.യു.ഡി.പി.-യെയാണ് അർബൻ 2020 പദ്ധതിയുടെ നോഡൽ ഏജൻസിയായി നിയോഗിക്കപ്പെട്ടിട്ടുള്ളത്. ഡി.പി.ആറുകൾ തയ്യാറാക്കുന്നതിന് വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽപ്പെടുന്ന ഏത് കൺസൾട്ടൻസി സ്ഥാപനത്തിന്റെയും സഹായം ഡി.പി.ആറുകൾ തയ്യാറാക്കുന്ന സംഗതിയിൽ കേരളത്തിലെ എല്ലാ നഗരസഭകൾക്കും തേടാവുന്നതാണ്.

(ഡി) അർബൻ 2020 പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

1. കെ.എസ്.യു.ഡി.പി.-യെ അർബൻ 2020 പദ്ധതിയുടെ നോഡൽ ഏജൻസിയായി നിയമിച്ചു.
2. നഗരസഭകൾ സമർപ്പിച്ച പ്രോജക്ട് ആശയങ്ങളിൽ നിന്നും അംഗീകാരം ലഭിക്കുന്നവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള 31 ഏജൻസികളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

3. നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനും അംഗീകാരം നൽകുന്നതിനുമായി നാല് സംസ്ഥാനതല ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികൾ രൂപീകരിച്ചു.

4. 30 നഗരസഭകൾക്ക് അവർ തെരഞ്ഞെടുത്ത കൺസൾട്ടൻസി സ്ഥാപനങ്ങൾ മുഖേന തയ്യാറാക്കിയ 1115 കോടി രൂപ അടങ്കലുള്ള 42 പദ്ധതികളുടെ ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള അനുമതി നൽകി. ഇതിൽ നിന്നും ആദ്യഘട്ടമെന്ന നിലയിൽ 7 നഗരസഭകളുടെ 7 പദ്ധതികളുടെ ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള ത്രികക്ഷി കരാർ 2015 ജൂലൈ 7-ാം തീയതി ഒപ്പുവച്ചു.

ഇതിനകം അംഗീകാരം ലഭിച്ചതിനുപുറമേ വിവിധ നഗരസഭകൾ സമർപ്പിച്ചിട്ടുള്ള പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനുള്ള നടപടികളും അംഗീകാരം നൽകിയ പി.പി.പി.ആറുകളുമായി ബന്ധപ്പെട്ട ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള ശേഷിക്കുന്ന ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

കളത്തൂർ ജംഗ്ഷനിൽ അനധികൃത കെട്ടിട നിർമ്മാണം

128 (4163) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസിന്റെ കീഴിലുള്ള കളത്തൂർ ജംഗ്ഷനിൽ ഒരു കൊമേഴ്സ്യൽ കെട്ടിടം പണിയുവാൻ 5-10-2012-ൽ ബി. മണിലാൽ, ലാൽബിൽഡിംഗ്സ് എന്ന ആളിന് പെർമിറ്റ് നൽകിയിട്ടുണ്ടോ ; ഇതിന്റെ അപേക്ഷ എന്നാണ് നൽകിയത് ; എത്ര നിലയ്ക്കാണ് അനുവാദം നൽകിയത് ; ഇതിന്റെ പൂർണ്ണവിശദാംശങ്ങളും പെർമിറ്റിന്റെയും മറ്റും കോപ്പികളും ലഭ്യമാക്കാമോ ;

(ബി) ഈ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ ;

(സി) ടി കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിവരിക്കാമോ ;

(ഡി) കെട്ടിടത്തിന്റെ അനധികൃത നിർമ്മാണത്തിനെതിരെ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് ; ഈ നടപടികൾക്കായി ടിയാനും മറ്റും അയച്ച കത്തിന്റെ കോപ്പി ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly